പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2393 **27-10-2026-ൽ മറുപടിയ്ക്ക്**

<u>സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീമതി ഒ. എസ്. അംബിക

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധിക്ക് കാരണമായത് ഏതു കരാർ റദ്ദാക്കിയതിനെത്തുടർന്നാണ്; കരാർ റദ്ദാക്കിയത് എന്നാണ്; കാർ റദ്ദാക്കുന്നതിനുള്ള അധികാരം ആർക്കാണ്;

<u>മറുപടി:</u> 2026 വർഷത്തിൽ സംസ്ഥാനത്തു അനുഭവപ്പെടുന്ന വൈദ്യുതി പ്രതിസന്ധിക്ക് വിവിധ കാരണങ്ങളുണ്ട് . ഈ വർഷം മൺസൂൺ ലഭ്യതയിലുണ്ടായ കുറവും അതുമൂലം ആഭ്യന്തര ജലവൈദ്യുതി ഉത്പാദനത്തിൽ ഉണ്ടായ കുറവും എൽ- നിനോ പ്രഭാവത്താൽ അന്തരീക്ഷ താപനില ഉയർന്നു നിൽക്കുന്നത്മൂലം സംസ്ഥാനത്തും, രാജ്യത്താകമാനവും വൈദ്യുതി ആവശ്യകത ഉയർന്നു നിൽക്കുന്നതും അതുമൂലം വൈദ്യുതി കമ്പോളത്തിൽ വൈദ്യുതി ലഭ്യതയിൽ ഉണ്ടായ കുറവും പ്രധാന കാരണങ്ങളാണ്. ഇതിനുപുറമെ, ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകൾ (DBFOO) റദ്ദാക്കപ്പെട്ടതും വൈദ്യുതി ലഭ്യതയെ ബാധിച്ച സുപ്രധാന ഘടകങ്ങളിലൊന്നാണ്. വൈദ്യുതി നിയമം, 2003-ലെ സെക്ഷൻ 86(1)(b), 86(1)(f) എന്നിവ പ്രകാരം, സംസ്ഥാനത്തിനുള്ളിലെ വൈദ്യുതി വിതരണത്തിനായുള്ള വൈദ്യുതി വാങ്ങൽ നടപടികൾ നിയന്ത്രിക്കുന്നതിനും ലൈസൻസികളും ഉൽപ്പാദക കമ്പനികളും തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന് അധികാരമുണ്ട്. കമ്മീഷന് നിർദേശങ്ങൾ നൽകുന്നതിന് വൈദ്യുതി നിയമത്തിലെ വകുപ്പ് 108 പ്രകാരം സർക്കാരിന് അധികാരമുണ്ട്.

(ബി) രാജ്യത്ത് വൈദ്യുതി വില നിർണ്ണയിക്കുന്നത് ആരാണ്; വ്യക്തമാക്കാമോ;

<u>മറുപടി:</u> കേന്ദ്ര വൈദ്യുതി ഉൽപ്പാദന നിലയങ്ങളിൽ നിന്ന് വാങ്ങുന്ന വൈദ്യുതിയുടെ വില കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (CERC) ആണ് നിശ്ചയിച്ചു വരുന്നത്. സംസ്ഥാനത്തി നുള്ളിലെ വൈദ്യുതി ഉൽപ്പാദന നിലയങ്ങളിൽനിന്നുള്ള വൈദ്യുതിയുടെ വില കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (KSERC) നിശ്ചയിക്കുന്നു. ഇത് കൂടാതെ വാങ്ങുന്ന ദീർഘ / മധ്യ / ഹ്രസ്വകാല വൈദ്യുതി വില കേന്ദ്ര വൈദ്യുതി മന്ത്രാലയം നിഷ്കർഷിച്ച മത്സരാധിഷ്ഠിത ടെൻഡർ നടപടികളിലൂടെയാണ് നിശ്ചയിക്കുന്നത് .

(സി) റെഗുലേറ്ററി കമ്മീഷനെ നിയമിക്കുന്നത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്നും പ്രസ്തുത നിയമം എന്നാണ് നിലവിൽ വന്നതെന്നും വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനുകളെ നിയമിക്കുന്നത് 2003-ലെ വൈദ്യുതി നിയമത്തിലെ വകുപ്പ് 82(1) പ്രകാരം അതത് സംസ്ഥാന സർക്കാരാണ്. 2003-ലെ വൈദ്യുതി നിയമം 10.06.2003-ൽ നിലവിൽ വന്നു

(ഡി) വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനായി സ്വകാര്യ ഉത്പാദകരിൽ നിന്ന് വൈദ്യുതി വാങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

മറുപടി: നിലവിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി കേന്ദ്ര പൊതു മേഖല വൈദ്യുതി ഉല്പാദന കമ്പനികളിൽ നിന്നും സ്വകാര്യ വൈദ്യുതി ഉൽപ്പാദകരിൽ നിന്നുൾപ്പെടെയുള്ള വിവിധ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ